RAJANI. T
Office Assistant
Kasaragod Snehitha
Rajani

സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള അഭയകേന്ദ്രമായ 'സ്നേഹിത' യിൽ ജോലി ലഭിച്ചപ്പോൾ തന്നെ വലിയൊരു ഉത്തരവാദിത്വം ഏറ്റെടുക്കുകയാണ് എന്ന ബോധ്യം ഉണ്ടായിരുന്നു. അത് ശരിയാണെന്ന് മൂന്ന് ദിവസങ്ങളിലായി നടന്ന ക്ലാസ്സുകളിൽ നിന്നും കൂടുതൽ മനസ്സിലാക്കാൻ സാധിച്ചു.

'ജെൻഡർ' എന്നതിനെ കുറിച്ച് വായിച്ച് മനസ്സിലാക്കിയ അറിവ് മാത്രമാണുണ്ടായത്. ആ അറിവിനപ്പുറമാണ് 'ജെൻഡർ' എന്ന് ആഴത്തിൽ മനസ്സിലാക്കാൻ സാധിച്ചു. ജെൻഡറിനെ കുറിച്ചുള്ള ആദ്യ ക്ലാസ്സ് എന്റേത്. അതുകൊണ്ട് തന്നെ മേഴ്സി മാഡത്തിന്റെ ക്ലാസ്സ് എനിക്ക് ഒരു അനുഭവമായിരുന്നു.

ജലജ മാഡത്തിന്റെ 'Gender based Vilence and Convergence of Services' എന്ന ക്ലാസ്സും വളരെ നല്ലതായിരുന്നു. സാമൂഹ്യ നീതി വകുപ്പിന്റെ നിരവധി പദ്ധതികളെ കുറിച്ചും മനസ്സിലാക്കാൻ സാധിച്ചു.

കുട്ടികൾക്കെതിരെ നടക്കുന്ന അതിക്രമങ്ങളെ കുറിച്ചും സ്നേഹിത തുടങ്ങാനുണ്ടായ കാരണവും, ആദ്യ ഘട്ടത്തിൽ സ്നേഹിത നേരിട്ട ബുദ്ധിമുട്ടുകളും നല്ല രീതിയിൽ അവതരിപ്പിച്ച് മനസ്സിലാക്കി തരാൻ ആര്യ മാഡത്തിന് സഹായിച്ചു.

'Transactional Analysis' എന്നതിനെ കുറിച്ചുള്ള മനോജ് സാറിന്റെ ക്ലാസ് ഉപകാരപ്രദമായിരുന്നു എങ്കിലും എന്റെ കാഴ്ചപ്പാട് മറ്റുള്ളവരിലേക്ക് അടിച്ചേൽപ്പിക്കുന്ന രീതിയായിരുന്നു. ഒരു നല്ല ഏകാംഗ നാടകത്തിലൂടെ ക്ലാസ് കൈകാര്യം ചെയ്തിരുന്നെങ്കിൽ ഒന്നു കൂടി നല്ലതാവുമായിരുന്നു.

സ്ത്രീകളും കുട്ടികളുമായി ബന്ധപ്പെട്ട് വരുന്ന നിയമങ്ങളെ കുറിച്ച് അഡ്വ. സന്ധ്യ മാഡത്തിന്റെ ക്ലാസ് വളരെ പ്രയോജനപ്രദമായിരുന്നു. ഗാർഹികാതിക്രമങ്ങളെ കുറിച്ചുള്ള വകുപ്പുകളും ചട്ടങ്ങളും വളരെ ലളിതമായി പറഞ്ഞു തന്നതിനാൽ മനസ്സിലാക്കിയെടുക്കാൻ കഴിഞ്ഞു.

കുടുംബശ്രീ സംസ്ഥാന മിഷൻ നടപ്പിലാക്കി വരുന്ന സ്നേഹിത എന്ന പ്രോജക്ടിന്റെ ഭാഗമായി വന്നതിൽ വളരെ അഭിമാനം തോന്നുന്നു.